**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 20.12.2025** **TIME : 12.30 PM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പശ്ചിമ ബംഗാൾ, അസം സന്ദർശനത്തിന് തുടക്കം. ബംഗാളിൽ വിവിധ വികസന പദ്ധതികൾക്ക് ഇന്ന് തുടക്കം കുറിക്കും.
2. ഇന്ത്യൻ കരകൗശല വസ്തുക്കളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള ഗാന്ധി ശിൽപ ബസാർ - കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റ് 2025 പ്രദർശന മേള കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് എറണാകുളത്ത് ഉദ്ഘാടനം ചെയ്യും.
3. പ്രശസ്ത ചലച്ചിത്രതാരവും സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ അന്തരിച്ചു. വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി സാമൂഹിക രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖർ.
4. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ പൂർത്തിയാകും. പുതിയ ഭരണസമിതികളും നാളെ ചുമതയേൽക്കും
5. ശബരിമലയിൽ ഭക്തജനത്തിരക്ക് തുടരുന്നു. സന്നിധാനത്ത് ഫോട്ടോ- വീഡിയോ ചിത്രീകരണത്തിന് കർശന നിയന്ത്രണം.

6. ദുബായിൽ നാളെ നടക്കുന്ന അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം.

## തെലങ്കാന

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻറെ തെലങ്കാന, മധ്യപ്രദേശ് സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്ന്, ഹൈദരാബാദിൽ നടക്കുന്ന പബ്ലിക് സർവീസ് കമ്മീഷൻ ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും.

## പി എ ആസാം സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പശ്ചിമ ബംഗാൾ, അസം സന്ദർശന ത്തിന് തുടക്കം. ഇന്ന് ബംഗാളിലെത്തുന്ന പ്രധാനമന്ത്രി നാദിയ ജില്ലയിലെ റാണാഘട്ടിൽ ദേശീയ പാത പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിക്കും. പശ്ചിമ ബംഗാളിൽ 3,200 കോടി രൂപ ചെലവ് വരുന്ന രണ്ട് ദേശീയ പാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലുമാണ് പ്രധാനമന്ത്രി നിർവഹിക്കുന്നത്. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ആസാമിലേയ്ക്ക് പോകുന്ന ശ്രീ മോദി സംസ്ഥാനത്ത് ഏകദേശം 15,600 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കും. ഗുവാഹത്തിയിലെ ലോകപ്രിയ ഗോപിനാഥ് ബർദോലോയ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ 4000 കോടി രൂപ ചിലവിൽ നിർമിച്ച അത്യാധുനിക ബാംബൂ ഓർക്കിഡ് ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി രാജ്യത്തിനു സമർപ്പിക്കും.

## ജോർജ്ജ് കുര്യൻ

ഇന്ത്യൻ കരകൗശല വസ്തുക്കളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ടുള്ള ഗാന്ധി ശിൽപ ബസാർ - കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റ് 2025 പ്രദർശന മേളക്ക് ഇന്ന് തുടക്കമാകും. എറണാകുളത്തെ മറൈൻ ഡ്രൈവിന് സമീപമുള്ള ശിവക്ഷേത്ര ഗ്രൗണ്ടിൽ നടക്കുന്ന പരിപാടി വൈകുന്നേരം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര

ടെക്സ്റ്റൈൽസ് മന്ത്രാലയത്തിൻറെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

## ശ്രീനിവാസൻ (ഇൻട്രോ)

പ്രശസ്ത ചലച്ചിത്രതാരവും സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ അന്തരിച്ചു. 69 വയസായിരുന്നു. തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലായിരുന്നു അന്ത്യം. മലയാള സിനിമയിലെ ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹം ദേശീയ പുരസ്കാരത്തിനും അർഹനായിട്ടുണ്ട്. നിരവധി തവണ സംസ്ഥാന അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 200 ഓളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. 1998 ൽ ചിന്താവിഷ്ടയായ ശ്യാമള എന്ന ചിത്രത്തിനാണ് മറ്റ് സാമൂഹിക വിഷയങ്ങളെ കുറിച്ചുള്ള മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചത്. 1989 ൽ വടക്കുനോക്കിയന്ത്രം എന്ന ചിത്രത്തിൻറെ സംവിധാനത്തിനാണ് ആദ്യം സംസ്ഥാന പുരസ്കാരം ലഭിച്ചത്.

ഒരു റിപ്പോർട്ട്......

(വോയ്സ്)

കണ്ണൂരിലെ തലശ്ശേരിയിൽ പാട്യം എന്ന ഗ്രാമത്തിലാണ് ശ്രീനിവാസൻ ജനിച്ചത്. മദ്രാസ് ഫിലിം ഇൻസ്റ്റിട്യൂട്ടിൽ നിന്ന് പരിശീലനം നേടിയ അദ്ദേഹം 1977ൽ പി.എ. ബക്കറുടെ 'മണിമുഴക്കം' എന്ന ചിത്രത്തിലൂടെയാണ് സിനിമ രംഗത്ത് എത്തിയത്. ഓടരുത് അമ്മാവ ആളറിയാം എന്ന ചിത്രത്തിനാണ് ആദ്യം തിരക്കഥ എഴുതിയത്. 5 തവണ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാര ങ്ങൾ നേടിയിട്ടുണ്ട്.1986 ൽ ടി.പി. ബാലഗോപാലൻ എം.എ എന്ന സിനിമയിലൂടെ തുടങ്ങിയ സത്യൻ അന്തിക്കാട്– മോഹൻലാൽ– ശ്രീനിവാസൻ കൂട്ടുകെട്ട് പിന്നീട് മലയാള സിനിമയിൽ തരംഗം സൃഷ്ടിച്ചു. ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റ്, നാടോടിക്കാറ്റ്, വരവേൽപ്, സന്മനസമസുള്ളവർക്കു സമാധാനം, പട്ടണപ്രവേശം, എന്നിങ്ങനെ നിരവധി ഹിറ്റ് ചിത്രങ്ങൾ ഈ കൂട്ടുകെട്ടിൽ പുറത്തിറങ്ങി. ശ്രീനിവാസൻ എഴുതി സംവിധാനം ചെയ്ത് അഭിനയിച്ച ചിന്താവിഷ്ടയായ ശ്യാമള, വടക്കുനോക്കിയന്ത്രം എന്നീ ചിത്രങ്ങൾ ദേശീയ, സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ നേടിയി ട്ടുണ്ട്. 1991 ൽ പുറത്തിറങ്ങിയ 'സന്ദേശ'വും കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ ഇന്നും

ചർച്ച ചെയ്യപ്പെടുന്നു. സാധാര ണക്കാരുടെ ജീവിതം അസാധാരണ മിഴിവോടെ അവതരിപ്പിച്ച അദ്ദേഹം ആക്ഷേപഹാസ്യത്തിന്റെ സാധ്യതകളും തന്റെ സിനിമ കളിൽ പരമാവധി ഉപയോഗിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി....

## ശ്രീനിവാസൻ - അനുശോചനം (ഇൻട്രോ)

സിനിമ സാമൂഹിക രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖർ ശ്രീനിവാസന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. മലയാള സിനിമയ്ക്ക് വീണ്ടെടുക്കാനാവാത്ത നഷ്ടമാണ് ശ്രീനി വാസന്റെ വേർപാട് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ചലച്ചിത്രത്തിന്റെ സമസ്ത രംഗങ്ങളിലും നായക സ്ഥാനത്ത് എത്തിയ പ്രതിഭയ്ക്ക് അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, സ്പീക്കർ എ എൻ ഷംസീർ മന്ത്രിമാരായ വി.ശിവൻകുട്ടി, കെ.ബി.ഗണേഷ് കുമാർ, എം.ബി.രാജേഷ് എന്നിവരും സിനിമ രംഗത്ത് നിന്ന് മോഹൻ ലാൽ, സത്യൻ അന്തിക്കാട്, മുകേഷ് തുടങ്ങിയവരും അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തി. സഹപ്രവർത്തകനെന്നതിലപ്പുറം ഏറ്റവും പ്രിയപ്പെട്ട സുഹൃത്തിനെയാണ് നഷ്ടപ്പെട്ടതെന്ന് മോഹൻലാൽ പ്രതികരിച്ചു.

(ഹോൾഡ് വോയ്സ്)

മികച്ച പ്രതിഭയാണ് മലയാളസിനിമക്ക് നഷ്ടമായതെന്നും അദ്ദേഹത്തിൻറെ കഥാപാത്രങ്ങൾ എന്നും മനസിൽ മായാതെ നിൽക്കുമെന്നും ചലചിത്ര താരം ശോഭന പറഞ്ഞു.

(ഹോൾഡ് വോയ്സ്)

## സത്യപ്രതിജ്ഞ

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്ന് അവസാനിക്കും. തിരഞ്ഞെടു ക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ പൂർത്തിയാകും. പുതിയ ഭരണസമിതികളും നാളെ ചുമതയേൽക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ

കളക്ടർമാ രുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി കളിലും, വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിലാണ്.

## തീവ്ര വോട്ടർ പട്ടിക

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ മാസം 23 ന് പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണ മെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്.

## ശബരിമല- ഫോട്ടോഗ്രഫി

ശബരിമല സന്നിധാനത്ത് ഭക്തജനത്തിരക്ക് തുടരുന്നു. 18-ാാം പടികയറുന്ന തീർഥാടകരിലെ മാളികപുറങ്ങളും കുഞ്ഞയ്യപ്പൻ മാരും പതിനെട്ടാം പടിയുടെ വശങ്ങളിലൂടെ കയറണമെന്ന് പോലീസ് നിർദ്ദേശിച്ചു. ഈ മാസം 23 ന് ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നും തങ്കയങ്കി ഘോഷയാത്ര സന്നിധാനത്തേയ്ക്ക് പുറപ്പെടും. 27 ന് മണ്ഡലപൂജ നടക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ

(വോയ്സ്)

## ശബരിമല - തിരക്ക് (ഇൻട്രോ)

ശബരിമല സന്നിധാനത്ത് ഭക്തജനത്തിരക്ക് തുടരുന്നു. 18-ാാം പടികയറുന്ന തീർഥാടകരിലെ മാളികപുറങ്ങളും കുഞ്ഞയ്യപ്പൻമാരും പതിനെട്ടാം പടിയുടെ വശങ്ങളിലൂടെ കയറണമെന്ന് പോലീസ് നിർദ്ദേശിച്ചു.

ഈ മാസം 23 ന് ആറന്മുള പാർത്ഥസാരഥി ക്ഷേത്ര ത്തിൽ നിന്നും തങ്കയങ്കി ഘോഷയാത്ര സന്നിധാനത്തേയ്ക്ക് പുറപ്പെടും. 27 ന് മണ്ഡലപൂജ നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

**പ്രത്യേക പരിപാടി**

പാർലമെൻറ് പാസാക്കിയ VBG - RAM-G പദ്ധതിയുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക പരിപാടി ഇന്ന് രാത്രി 8.00 മണിക്ക് പ്രക്ഷേപണം ചെയ്യും. കേന്ദ്ര സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ.ജി ഗോപകുമാർ പരിപാടിയിൽ പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

**മൂന്നാർ - അതിശൈത്യം (ഇൻട്രോ)**

ശൈത്യം കഠിനമായതോടെ മൂന്നാറും പരിസരപ്രദേശങ്ങളും തണുത്തുറയുന്നു. വിവിധ ഇടങ്ങളിൽ താപനില പൂജ്യം ഡിഗ്രിക്ക് താഴെയെത്തിയതോടെ വിനോദസഞ്ചാര മേഖല വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിക്കുന്നത്. മഞ്ഞുപാളികൾ പുതച്ച തേയിലത്തോട്ടങ്ങളും കഠിനമായ ശൈത്യവും മൂന്നാറിനെ മറ്റൊരു കാശ്മീരാക്കി മാറ്റിയിരിക്കുകയാണ്.

വിശദ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

**ക്രിക്കറ്റ്**

ദുബായിൽ നടക്കുന്ന അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൻറെ ഫൈനൽ നാളെ ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം. ഇന്നലെ നടന്ന മത്സരത്തിൽ ശ്രീലങ്കക്കെതിരെ ഇന്ത്യക്ക് എട്ട് വിക്കറ്റ് ജയം നേടിയിരുന്നു.

## ടി 20 ക്രിക്കറ്റ്

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് മത്സരത്തിൽ 3-1 ന് പരമ്പര സ്വന്ത മാക്കി ഇന്ത്യ. ഇന്നലെ അഹമ്മദാബാദിൽ നടന്ന അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിൽ 30 റൺസിന് ഇന്ത്യ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി.